ചെറുകുന്ന് ഹൈസ്കൂൾ സ്റ്റേഡിയം നിർമ്മാണം

358 (1443) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലുടമയുടെ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി തൊഴിലുറപ്പ് മുഖേന 165 രക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുകുന്ന് ഹൈസ്കൂൾ സ്റ്റേഡിയത്തിന്റെ നിർമ്മാണം സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുകുന്ന് ഹൈസ്കൂൾ സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തി കനത്ത മഴകാരണം മന്ദഗതിയിലായിരുന്നു. എന്നാൽ ഇപ്പോൾ മഴ കുറഞ്ഞുകൊണ്ടിരിക്കുന്നതിനാൽ പ്രവൃത്തി വേഗത്തിൽ നടന്നുവരുന്നുണ്ട്. പ്രസ്തുത പ്രവൃത്തി 2016 ആഗസ്റ്റോടുകൂടി പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കുറ്റ്യാടി മണ്ഡലത്തിലെ മരാമത്ത് പ്രവർത്തനം

359 (1444) ശ്രീമതി കെ. കെ. രമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലുടമയുടെ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചതും പ്രവർത്തനം ആരംഭിച്ചിട്ടുമായ മരാമത്ത് പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഭരണാനുമതി ലഭിച്ചിട്ടും ടെൻഡറാകാതെ ലഭിക്കാതെ പ്രവൃത്തികൾ എത്രയുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ;

(സി) ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടും ആരംഭിക്കാൻ കഴിയാതെ പ്രവൃത്തികൾ ഏതൊക്കെ കാരണത്താലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കുറ്റ്യാടി നിയോജക മണ്ഡലത്തിൽ കെട്ടിടവിഭാഗത്തിന് കീഴിൽ വടകര ഗവ. യു.പി. സ്കൂൾ, പൈങ്ങോട്ടായി ഗവ. യു.പി. സ്കൂൾ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നിരത്തുകളും പാലങ്ങളും വിഭാഗവുമായി ബന്ധപ്പെട്ട വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

* ചോദ്യകർത്താവ് വിശദീകരണം നൽകി.

LIBRARY ARCHIVES Kerala Legislative Assembly